# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2046 — 12/02/2013-ൽ മറുപടിക്ക്

## മത്സ്യ ഫെഡിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.എ.ബേബി | | ശ്രീ..കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) | മത്സ്യഫെഡിലെ നിയമനങ്ങൾക്കായി കഴിഞ്ഞ ഭരണസമിതി സ്പെഷ്യൽ റൂൾ തയ്യാറാക്കി സർക്കാരിനും പി.എസ്.സിക്കും സമർപ്പിച്ചിരുന്നോ; | എ) സമർപ്പിച്ചിരുന്നു |
| ബി) | പ്രസ്തുത സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; | ബി)യും സി)യും ഇല്ല. മത്സ്യഫെഡിലെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിനായി ബന്ധപ്പെട്ട സംഘടനാ ഭാരവാഹികളുമായി ഫിഷറീസ് സെക്രട്ടറി 23/06/2009 ൽ ചർച്ച നടത്തുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഭേദഗതി വരുത്തിയ കരട് സ്പെഷ്യൽ റൂൾസ് സമർപ്പിക്കുകയും പ്രസ്തുത കരട് ബഹു. മുൻ ഫിഷറീസ് വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയശേഷം അംഗീകാരത്തിനായി കേരള പി.എസ്.സി.യ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തു. പ്രസ്തുത കരട് ചില ഭേദഗതികളോടെ കേരള പി.എസ്.സി അംഗീകരിക്കുകയും ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയുടെ നിയമന രീതിയും യോഗ്യതയും പ്രസ്തുത പ്രൊപ്പോസലിൽ ചേർക്കാൻ വിട്ടുപോയിരുന്നതിനാൽ ഇവ കമ്മീഷന്റെ ഉപദേശത്തിനായി അയച്ചുകൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. 21/11/2012 ലെ 3596/എ 2/2003/ മഇവ നമ്പർ കത്ത് പ്രകാരം പ്രസ്തുത |
| സി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| | | വിവരങ്ങൾ കേരള പി.എസ്.സിക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | മത്സ്യഫെഡിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ 2012 നവംബർ വരെ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) മത്സ്യഫെഡിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ 2012 നവംബർ വരെ ഉണ്ടായിരുന്ന ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 5<br>കൊല്ലം - 2<br>ആലപ്പുഴ - 2 |
| ഇ) | പ്രസ്തുത ജില്ലകളിൽ പ്രോജക്ട് ആഫീസർ തസ്തികയിൽ ട്രെയിനിയായി അവസാനമായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരെ എന്നാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ? | ഇ) തിരുവനന്തപുരം ജില്ലയിൽ 4 പേരെയും കൊല്ലം ജില്ലയിൽ 2 പേരെയും ആലപ്പുഴ ജില്ലയിൽ 2 പേരെയും മത്സ്യഫെഡിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ ട്രെയിനിയായി അവസാനമായി നിയമിച്ചിട്ടുണ്ട്. ഇവരെ 06/12/2012 ൽ നിയമിച്ചു. |

സെക്ഷൻ ഓഫീസർ